സൂചിപ്പിക്കുകയുണ്ടായി. ഇത് സംബന്ധിച്ച് കോടഞ്ചേരി പോലീസ് സ്റ്റേഷനിൽ ക്രൈം 16/2001 നമ്പരായി ഒരു കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടന്നു വരുന്നു. വിരലടയാളവിദഗ്ദ്ധരുടെ സേവനം പ്രയോജനപ്പെടുത്തുകയും പോലീസ് നായെക്കൊണ്ട് പരിശോധിക്കുകയും ചെയ്തിട്ടുണ്ട്. അന്വേഷണം ഊർജ്ജിതപ്പെടുത്താൻ ഡി.ജി.പി.ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(2) മാവേലിക്കര താലൂക്കിൽ ഭൂമികുലുക്കത്തിൽ തകർന്ന വീടുകൾക്ക് നഷ്ടപരിഹാരം

ശ്രീ. എം. മുരളി : സർ, എന്റെ മണ്ഡലമായ മാവേലിക്കര താലൂക്കിലെ വള്ളിക്കുന്നം പഞ്ചായത്തിൽ കടുവിനാൽ, കാഞ്ഞിപ്പുഴ, തെക്കേമുറി, കടയ്ക്കൽചന്ത, കടുവങ്കൽ, കാഞ്ഞിരത്തുംമൂട്, പുത്തൻചന്ത എന്നീ പ്രദേശങ്ങളിലും തെക്കേക്കര പഞ്ചായത്തിലെ ചൂരല്ലൂർ പ്രദേശത്തും ഫെബ്രുവരി 17,18,19 എന്നീ ദിവസങ്ങളിലായി പലപ്പോഴായി ഉണ്ടായ ഭൂചലനത്തെത്തുടർന്ന് മുന്നൂറോളം വീടുകൾ വിള്ളലുകൾ വീണ് പൊട്ടിത്തകർന്നിരിക്കുകയാണ്. ചില സ്ഥലങ്ങളിൽ ഭൂമിതന്നെ നെടുകെ പിളർന്ന സംഭവങ്ങളുമുണ്ടായി. ഈ പ്രദേശങ്ങളോടൊപ്പംതന്നെ മാവേലിക്കര താലൂക്കിലെ പന്തളം മണ്ഡലത്തിലെ താമരക്കുളത്തും 17-ാം തീയതി ഭൂചലനമുണ്ടായി. അവിടെയും നാശനഷ്ടങ്ങളുണ്ടായി. മാവേലിക്കര താലൂക്കിലും ആലപ്പുഴ ജില്ലയിലെ പല പ്രദേശങ്ങളിലുമുണ്ടായ ഈ ഭൂമികുലുക്കം റിക്ടർ സ്കെയിലിൽ രേഖപ്പെടുത്തിയിട്ടേയില്ലെന്ന് പറഞ്ഞുകൊണ്ട് ഇതു ഭൂചലനമേയല്ല എന്ന് 'സെസ്സ്'ന്റെ ഡയറക്ടർ പറഞ്ഞിരിക്കുകയാണ്. കളക്ടർക്ക് ഇത് ഭൂചലനമേയല്ല എന്നാണ് 'സെസ്സ്' റിപ്പോർട്ട് നൽകിയത്. സെസ്സ് എന്തുപറഞ്ഞാലും ഈ പ്രദേശത്തെ ജനങ്ങൾ ഭയവിഹ്വലരായി കഴിയുകയാണ്. ഭാഗികമായി തകർന്നിരിക്കുന്ന തങ്ങളുടെ വീടുകൾ സുരക്ഷിതമാണോ എന്ന ആശങ്കയിലാണ് ജനങ്ങൾ. ഈ സ്ഥലം സന്ദർശിക്കാൻ ഇതുവരെ 'സെസ്സ്'ന്റെ ഒരൊറ്റ ഉദ്യോഗസ്ഥൻ പോലും തയ്യാറായിട്ടില്ല. ഒരു പരിശോധനപോലും നടത്താതെയാണ് ഇത് ഭൂചലനമല്ലെന്ന നിഗമനത്തിൽ 'സെസ്സ്' എത്തിയിരിക്കുന്നത്. തകർന്ന വീടുകൾ നന്നാക്കാൻ സർക്കാർ അടിയന്തിരമായ സാമ്പത്തിക സഹായം നൽകണം. ഏതെങ്കിലും വിദഗ്ദ്ധരെക്കൊണ്ട് തകർന്ന വീടുകൾ പരിശോധിച്ച് അതിന്റെ സുരക്ഷ ഉറപ്പുവരുത്തണം. ഇപ്പോൾ അവിടുത്തെ ആളുകൾ വീടിന്റെ അകത്തല്ല കിടക്കുന്നത്. പുറത്താണ് കിടക്കുന്നത്. കാരണം രാത്രിയിൽ, ഭൂചലനമുണ്ടായി ഭാഗികമായി തകർന്ന വീടുകൾ പൂർണ്ണമായും തകർന്നു വീഴുമോ എന്ന് ആളുകൾ ഭയപ്പെടുന്നു. ഇത് കേരളം മുഴുവനുള്ള പ്രതിഭാസം ആണെന്നുപറഞ്ഞ് ഒഴിഞ്ഞുമാറാതെ എന്റെ നിയോജകമണ്ഡലത്തിൽ തകർന്ന വീടുകളിൽ കഴിയുന്ന ജനങ്ങളുടെ ഭയാശങ്കകൾ മാറ്റുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കണം. റവന്യൂ അധികാരികളെയും സാങ്കേതിക വിദഗ്ദ്ധരെയും അങ്ങോട്ട് പറഞ്ഞുവിടണം. അവർ മുഖംതിരിച്ചു നിൽക്കുകയാണ്. അതുകൊണ്ട് അടിയന്തിരമായും ഇക്കാര്യത്തിൽ പരിഹാരമുണ്ടാക്കുകയും വീട് നഷ്ടപ്പെട്ടവർക്ക് അടിയന്തിരമായ സാമ്പത്തിക സഹായം നൽകാൻ റവന്യൂ അധികൃതർക്ക് നിർദ്ദേശം നൽകുകയും വേണം.

LIBRARY ARCHIVES Kerala Legislative Assembly

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. ഇ. ഇസ്മയിൽ) : സർ, എന്നാലും ഇത്ര ക്രൂരതയാകാമോ, 'രാജ്യത്ത് എന്തുമാകട്ടെ, എന്റെ പ്രദേശം ശ്രദ്ധിക്കണേ' മെന്ന് പറയുന്നത് ? ഗുജറാത്തുപോലുള്ള ദുരന്തങ്ങളുടെ കാലഘട്ടത്തിൽ ഇങ്ങനെ പറയുന്നത് ശരിയാണോ ? ബഹുമാനപ്പെട്ട മുരളിയുടെ മണ്ഡലത്തിലും മറ്റു ചില പ്രദേശങ്ങളിലും ചെറിയ തോതിൽ ഭൂചലനം അനുഭവപ്പെട്ടിട്ടുണ്ട്. സത്യത്തിൽ ഭൂചലനം അല്ല. ഭൂചലനം എന്ന് നാമകരണം ചെയ്തിട്ടില്ല. എന്നാലും ഒരു ഭൂചലനത്തിന്റെ രൂപമാതൃകയിലുള്ള സംഭവമുണ്ടായി. അത്രയേയുള്ളൂ. 150-ഓളം വീടുകൾ ചെറുതായിട്ടും ചില ...

ശ്രീ. എം. മുരളി : 150 അല്ല, 300-ഓളം വീടുകളുണ്ട്.

ശ്രീ. കെ. ഇ. ഇസ്മയിൽ : വിശദമായ കണക്ക് എടുക്കുന്നുണ്ട്. ഇവിടെ കിട്ടിയ വിവരം 130-ലേറെ വീടുകൾ എന്നാണ്. 300 ആണെങ്കിൽ അത്ര. എട്ടു പത്ത് ജില്ലകളിൽ അങ്ങനെ ഉണ്ടായിട്ടുണ്ട്. വ്യാപകമായി ഉണ്ടായിട്ടുണ്ട്. ഗവൺമെന്റ് വളരെ ഗൗരവമായി തന്നെ ഇത് എടുത്തിട്ടുണ്ട്. ഇതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നുണ്ട്. ജനങ്ങളെ ബോധവൽക്കരിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നുണ്ട്. മുൻകൂട്ടി എന്തൊക്കെ ചെയ്യണമെന്ന നിർദ്ദേശം കൊടുക്കുന്നുണ്ട്. അത്തരം നടപടികൾക്ക് പുറമേ, വീടുകൾക്ക് വിള്ളലുണ്ടാവുകയും വീടുകളിൽ താമസിക്കുവാൻ കഴിയാതെ വരികയും ചെയ്തിട്ടുണ്ട്. വീടുകളുടെ കേടുപാട് സംബന്ധിച്ച കണക്ക് ശേഖരിക്കുന്നതിന് ചുമതലപ്പെടുത്തിയിട്ടുണ്ട്. ആ കണക്ക് കിട്ടുന്ന മുറയ്ക്ക് സാമ്പത്തിക സഹായം ആവശ്യമായവർക്ക് അടിയന്തിരമായി നൽകുന്നതിനുള്ള നിർദ്ദേശവും നൽകിയിട്ടുണ്ട്. ആ നടപടികൾ പല സ്ഥലത്തും നടന്നുകൊണ്ടിരിക്കുകയാണ്. ഇവിടെയും ആവശ്യമായ നടപടികൾ അടിയന്തിരമായി സ്വീകരിക്കാം. വ്യാപകമായി ഇത്തരം സംഭവങ്ങൾ നമ്മുടെ സംസ്ഥാനത്ത് ഉണ്ടാകുമ്പോൾ 'സെസ്സി'ലെയും മറ്റും ശാസ്ത്രജ്ഞന്മാരെ ഒരേ സമയത്ത് എല്ലായിടത്തും വിടാൻ കഴിയുകയില്ല. വിവരങ്ങൾ കിട്ടുന്ന മുറയ്ക്ക് കളക്ടർമാർ ബന്ധപ്പെടുന്നുണ്ട്. അവർ എല്ലാ സ്ഥലത്തും പരിശോധന നടത്തുന്നുണ്ട്. ജനങ്ങളുടെ ഉത്കണ്ഠയും ആശങ്കയും ഇല്ലാതാക്കുവാനുള്ള ശ്രമങ്ങൾ നടക്കുന്നുണ്ട്.

മി. സ്പീക്കർ : ശ്രീ. പാലോട് രവി,... ഇല്ല.

ശ്രീ. വെങ്ങാനൂർ പി. ഭാസ്കരന് നാളെ സബ്മിഷൻ അവതരിപ്പിക്കാം. കാരണം ഇന്നലെ അവധിയായിരുന്നതിനാൽ വ്യവസായ വകുപ്പുമന്ത്രിക്ക് മറുപടി തയ്യാറാക്കുവാൻ കഴിഞ്ഞില്ല എന്നുള്ള വിവരം എന്നെ അറിയിച്ചിരുന്നു. ആയതിനാൽ നാളെ അങ്ങേയ്ക്ക് അവതരിപ്പിച്ചാൽ മതിയോ ?

ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ : നാളെ അവതരിപ്പിച്ചാൽ മതി.

മി. സ്പീക്കർ : ടി. കെ. ബാലൻ.....

LIBRARY ARCHIVES Kerala Legislative Assembly